# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3724** **11.12.2018 ൽ മറുപടിയ്ക്ക്**

**<u>ഡ്രൈവിംഗ് പരിശീലനത്തിന് പാഠ്യപദ്ധതി തയ്യാറാക്കൽ പദ്ധതി</u>**

| ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് 3098 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | വാഹന അപകടങ്ങൾ കുറവില്ലാത്തത് കണക്കിലെടുത്ത് ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം മികവുറ്റതാക്കി നല്ല പരിശീലനം നൽകുന്നതിനും ഡ്രൈവിംഗ് പരിശീലനത്തിന് സമഗ്രമായ പാഠ്യപദ്ധതി തയ്യാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉയർത്തി നല്ല ഡ്രൈവർമാരെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തിലാണ് മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ടെസ്റ്റിംഗ് ആന്റ് റിസർച്ച് (IDTR) സ്ഥാപിച്ചിട്ടുള്ളത്. കേരളം മുഴുവൻ ഡ്രൈവിംഗ് ടെസ്റ്റിന് ഏകീകൃത സിലബസ്സ് നടപ്പാക്കാൻ ശ്രമിക്കുക, അടിസ്ഥാനപരമായ കാര്യങ്ങളെങ്കിലും ഡ്രൈവർമാരെ പഠിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്. IDTR ൽ വെച്ച് ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് 5 ദിവസത്തെ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിവരികയാണ്. കോഴ്സ് ഫീസായി ഒരാൾക്ക് 6000 രൂപ ചെലവ് വരും. അതിൽ 2000 രൂപ റോഡ് സേഫ്റ്റി അതോറിറ്റിയും 2000 രൂപ ഡ്രൈവിംഗ് സ്കൂളും 2000 രൂപ ഡ്രൈവിംഗ് സ്കൂളിലെ പരിശീലകനും വഹിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ താമസം, ഭക്ഷണം, ബുക്ക്, പേന, പാഡ് മുതലായ പരിശീലനത്തെ സംബന്ധിക്കുന്ന എല്ലാ ചിലവുകളും ഉൾക്കൊള്ളുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഐ.ഡി. കാർഡും പങ്കെടുത്തതിനുള്ള സർട്ടിഫിക്കറ്റും, ജാക്കറ്റും നൽകുന്നതാണ്. കമ്പ്യൂട്ടർവൽകൃത ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന സെന്ററുകളിലും ഉദ്യോഗസ്ഥർ നേരിട്ട് ടെസ്റ്റ് നടത്തുന്ന മറ്റ് ടെസ്റ്റിംഗ് ഗ്രൗണ്ടുകളിലും ടെസ്റ്റ് നടത്തുന്ന രീതിയിൽ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഈ രണ്ട് ടെസ്റ്റിംഗ് ട്രാക്കുകളിലും ഡ്രൈവിംഗ് ടെസ്റ്റുകൾ ഏകീകൃതമായി നടപ്പിലാക്കി വരുന്നു. ഇന്ത്യ ഒട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനായി കേന്ദ്ര സർക്കാർ തുടക്കമിട്ട സാരഥി4.0 സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആലപ്പുഴ, കരുനാഗപ്പള്ളി, തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ഈ സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കാനാണ് വകുപ്പ് തയ്യാറെടുത്തുവരുന്നത്. പരമ്പരാഗത രീതികളിൽ നിന്നും വ്യത്യസ്തമായി അപേക്ഷ സമർപ്പണരീതി മുതൽ മാറ്റം വരുന്നതിനാൽ ഈ സംവിധാനം സംസ്ഥാന ത്തുടനീളം പൂർണ്ണമായി നടപ്പിലാക്കുന്നതോടെ മാന്യമായ ഡ്രൈവിംഗ് സംസ്കാരം ഡ്രൈവർമാരിൽ ജനിപ്പിക്കുന്ന തിനും ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ